കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കിനൽകുമ്പോൾ ലൈസൻസ് ഫീസിൻമേലുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 553/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 26/02/2014.

പരാമർശം :-

1) വനംവന്യജിവി വകുപ്പിന്റെ 19/04/2012 ലെ സ.ഉ.(പി) 51/12/വനം - വന്യജീവി നമ്പർ വിജ്ഞാപനം
2) 2-3-2013-ലെ സ.ഉ. (സാധാ) നം.540/2013/തസ്വഭവ
3) ആൾ കേരള സാമിൽ & വുഡ് ഇൻഡസ്ട്രീസ് ഓണേഴ്സ് അസോസിയേഷൻ 21 - 11 - 2012 തിയതിയിൽ സമർപ്പിച്ച നിവേദനം.
4) നഗരകാര്യ ഡയറക്ടറുടെ 28 - 3 - 2012 തിയതിയിലെ ജി1 - 2014/12 നംപർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി നിഷ്കർഷിക്കുന്നത് പരാമർശം (2) ഉത്തരവിൻ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. മരാധിഷ്ഠിത വ്യവസായങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നൽകുമ്പോൾ പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകുമ്പോൾ ഫൈൻ ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സൂചന (3) പ്രകാരം ആൾ കേരള സാമിൽ & വുഡ് ഇൻഡസ്ട്രീസ് ഓണേഴ്സ് അസോസിയേഷൻ അസോസിയേഷൻ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സൂചന (4) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈസൻസ് പുതുക്കുന്നതിന് പിഴപ്പലിശ ഈടാക്കുന്ന സമ്പ്രദായം വനം വകുപ്പിൽ നിലവിലില്ല. ആയതിനാൽ വനം വകുപ്പിന്റെ എൻ.ഒ.സി ലഭിച്ചിട്ടുള്ള മരവ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കികിട്ടുന്നതിന് ഫീസിൻമേലുള്ള പലിശയും പിഴപ്പലിശയും അടയ്ക്കേണ്ടതില്ല. ആയതിന്റെ അടിസ്ഥാനത്തിൽ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നൽകുമ്പോൾ ലൈസൻസ് ഫീസിൻമേലുള്ള പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.കെ. രാജഗോപാലൻനായർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
വനം വന്യജീവി വകുപ്പ് (04-12-13 ലെ 6545/ബി2/12/വനം നം. കുറിപ്പ്)
ധനകാര്യ വകുപ്പ് ( 28/12/2013 ലെ 111167/ഡെവ3/2013/ധന നം.കുറിപ്പ്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ